# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 349 - 18/10/2016 - ലെ മറുപടിക്ക്**

**ആഗോളീകരണ, ഉദാരീകരണ സാമ്പത്തിക നയങ്ങൾ മൂലമുള്ള കെടുതി**

**ചോദ്യം**

**ഉത്തരം**

ശ്രീ. ശ്രീജയലാ.എസ്.ജി.ൽ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. വിആ.ർ. സുനിൽ കുമാർ
ശ്രീ.കെ.രാജൻ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | ആഗോളീകരണ, ഉദാരീകരണ സാമ്പത്തികനയങ്ങൾ സംസ്ഥാനത്തെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളേയും ജനങ്ങളേയും ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിച്ചുവെന്ന് വിലയിരു ത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ആഗോളവൽക്കരണത്തെയും ഉദാരവൽക്കരണത്തെയും തുടർന്നുണ്ടായ സാമ്പത്തിക സ്ഥിതി വിശേഷം സംസ്ഥാനത്തും പ്രത്യാഘാതങ്ങൾ ഉളവാക്കിയിട്ടുണ്ട്. ആഗോളവൽക്കരണം സംസ്ഥാനത്തിന്റെ പരമ്പരാഗത മേഖലയായ മത്സ്യബന്ധനം, കൈത്തറി, ബീഡി, ഖാദി മുതലായവയെയും വ്യവസായ, കാർഷിക മേഖലകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br>ആഗോള സാമ്പത്തിക പ്രതിസന്ധിയും തൽഫലമായി വികസിത രാജ്യങ്ങളിലുണ്ടായ സാമ്പത്തിക വളർച്ചാമാന്ദ്യവും നമ്മുടെ സംസ്ഥാനത്തെയും ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണ മേഖലയിലെ മാന്ദ്യം, സേവനമേഖലയിലെ തൊഴിൽ അവസരങ്ങളിലുണ്ടാകുന്ന കുറവ്, ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകളിലും വരുമാനത്തിലും ഉണ്ടാകുന്ന ഇടിവ് എന്നിവയാണ് സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ.<br>WTO കരാറിന്റെ ഫലമായി സബ്സിഡികൾ എടുത്തു കളയേണ്ടിവന്നത് കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | ഉയർന്ന സാമ്പത്തിക വളർച്ചയ്ക്കിടയിലും വർദ്ധിച്ചു വരുന്ന സാമ്പത്തിക അസമത്വം ആഗോളവൽക്കരണ നയങ്ങളുടെ പ്രകടമായ ലക്ഷണമാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലയെയും ആഗോളവൽക്കരണത്തിന്റ പ്രത്യാഘാതങ്ങൾ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br>നഗരവൽക്കരണം വർദ്ധിക്കുകയും ഇത് സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക നയങ്ങളുടെ കെടുതിയിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ആഗോള സാമ്പത്തികവൽക്കരണത്തിന്റെയും സാമ്പത്തികമാന്ദ്യത്തിന്റെയും പ്രത്യാഘാതങ്ങളിൽ നിന്ന് സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനായി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |
| (സി) | ഏറ്റവും താഴേക്കിടയിലുള്ള ജനവിഭാഗത്തിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ